നം.ഇ.എസ് 3-22418/2017/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.04/07/2017.

# നോട്ടീസ്

വിഷയം - ആ.വ. - സേവനകാര്യം - ശ്രീമതി.അജിത.പി.റ്റി, സ്റ്റാഫ് നെഴ്സ് ഗ്രേഡ് 1 ന്റെ സീനിയോറിട്ടി പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - കത്ത് നം.എ5/3246/2017/ഡി.എം.ഓ, തൃശ്ശൂർ/തീയതി. 16/03/2017.

ശ്രീമതി.അജിത.പി.റ്റി, സ്റ്റാഫ് നെഴ്സിന്റെ സീനിയോറിട്ടി നിർണ്ണയിച്ചതിലെ അപാകത സംബന്ധിച്ച് അപ്പീൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സേവനപുസ്തകം വിശദമായി പരിശോധിക്കുകയുണ്ടായി. ടിയാൻ പി.എസ്.സി മുഖേന ആദ്യം കണ്ണൂർ ജില്ലയിലും (Adv.No.C1(1) 2283/96 dt.14/03/2001, joined duty on 26/04/2001) രണ്ടാം പി.എസ്.സി മുഖേന തൃശ്ശൂർ ജില്ലയിലും (Adv.No.RI(2)20/97/ dt.25/10/2002, joined duty on 27/11/2002) സ്റ്റാഫ് നെഴ്സ് ഗ്രേഡ് 2 ആയി ജോലിയിൽ പ്രവേശിച്ചു. 1990 - 2002 കാലയളവിലെ സ്റ്റാഫ് നെഴ്സ് ഗ്രേഡ് 2 സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ റാങ്ക് നം.3186 (കണ്ണൂർ) റാങ്ക് നം.3697 (തൃശ്ശൂർ) എന്നീ രണ്ട് നമ്പറുകളിൽ പേര് ഉൾപ്പെടുത്തുക യുണ്ടായി.

1990 - 2002 കാലയളവിലെ സീനിയോറിട്ടി ലിസ്റ്റിലെ 01 മുതൽ 3459 വരെയുള്ള ജീവനക്കാരെ 10/11/2008 - ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയപ്പോൾ ശ്രീമതി.അജിത (റാങ്ക് നം.3186) ഉൾപ്പെടുകയും അതിനുശേഷം 31/05/2013 - ൽ എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങുകയും ചെയ്തു.

എന്നാൽ രണ്ടാം പി.എസ്.സി നിയമന പ്രകാരമുള്ള റാങ്ക് നം.3697 ആയിരുന്നു ടിയാൾക്ക് അർഹമായിട്ടുള്ളത്. റാങ്ക് നം.3460 മുതൽ 3895

വരെയുള്ള ജീവനക്കാരെ ഇ.ഇ1-33000/2013/ഡി.എച്ച്.എസ്/തീയതി. 21/08/2013 ഉത്തരവ് പ്രകാരമാണ് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. 31/05/2013 - ന് തൃശ്ശൂർ ജില്ലയിൽ നിന്നും എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം വാങ്ങിയതിനാൽ എറണാകുളം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 31/05/2013 മുതലേ സ്റ്റാഫ് നെഴ്സ് ഗ്രേഡ് 2 സീനിയോറിട്ടി സ്ഥാനം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ടിയാൾക്ക് പ്രസ്തുത പ്രൊമോഷന് അർഹതയില്ല.

ഈ സാഹചര്യത്തിൽ നിലവിൽ ടിയാൾക്ക് അനുവദിച്ചിട്ടുള്ള 3186, 3697 (സ്റ്റാഫ് നെഴ്സ് ഗ്രേഡ് 2 1990 - 2002) 1549 (സ്റ്റാഫ് നെഴ്സ് ഗ്രേഡ് 1 2008 - 2013) എന്നീ സീനിയോറിട്ടി നമ്പറുകൾ റദ്ദാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. നിലവിൽ സ്റ്റാഫ് നെഴ്സ് ഗ്രേഡ് 2 01/01/2003 മുതൽ 30/06/2010 വരെയുള്ള സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളൂ. 01/07/2010 മുതലുള്ള സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് ടിയാളും പ്രൊഫോർമ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തീരുമാനത്തിനെതിരെ താങ്കൾക്ക് ആക്ഷേപമുണ്ടെങ്കിൽ ആയത് ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ തപാൽ മുഖേനയോ ബന്ധപ്പെട്ട അധികാരികൾ മുഖാന്തിരം ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

(ഒപ്പ്)

ഡോ.സമീറ.എ

അഡീ.ആരോഗ്യവകുപ്പ് ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്,

ശ്രീമതി.അജിത.പി.റ്റി, സ്റ്റാഫ് നെഴ്സ്
ജനറൽ ആശുപത്രി, എറണാകുളം, (മേലധികാരി മുഖേന)

// അംഗീകാരത്തോടെ //

സൂപ്രണ്ട്.